(എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി (31-5-2015 വരെ) കാസർഗോഡ് ജില്ലയിൽനിന്നും 1131 അപേക്ഷകൾ പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന് ലഭിച്ചിട്ടുണ്ട്. ആയതിൽ 840 അപേക്ഷകളിൽ ധനസഹായം അനുവദിച്ചു. 143 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. 148 അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി (31-5-2015 വരെ) കാസർഗോഡ് ജില്ലയിൽ 840 അപേക്ഷകളിലായി 3,91,96,913 രൂപ (മൂന്ന് കോടി തൊണ്ണൂറ്റൊന്ന് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി തൊള്ളായിരത്തി പതിമൂന്ന് രൂപ) യുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്.

നന്മസ്റ്റോറുകൾ

95 (440) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡിന്റെ കീഴിൽ എത്ര നന്മ സ്റ്റോറുകൾ തുടങ്ങിയിട്ടുണ്ടെന്നും അവയിൽ എത്ര എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിന് കീഴിൽ 869 നന്മസ്റ്റോറുകൾ തുടങ്ങിയിട്ടുണ്ടെങ്കിലും അവയിൽ 806 എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. ജില്ലതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ജില്ല	കൺസ്യൂമർഫെഡിന് കീഴിൽ അനുവദിച്ച നന്മ സ്റ്റോറുകൾ	കൺസ്യൂമർഫെഡിന് കീഴിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന നന്മ സ്റ്റോറുകൾ
1	2	3
തിരുവനന്തപുരം	119	119
കൊല്ലം	199	177
പത്തനംതിട്ട	67	66

LIBRARY ARCHIVES Kerala Legislative Assembly

1	2	3
ആലപ്പുഴ	127	133
കോട്ടയം	30	33
ഇടുക്കി	29	28
എറണാകുളം	54	46
തൃശ്ശൂർ	40	38
പാലക്കാട്	63	51
മലപ്പുറം	84	62
കോഴിക്കോട്	20	17
വയനാട്	9	9
കണ്ണൂർ	20	19
കാസർഗോഡ്	8	8
ആകെ	869	806

നീതി, നന്മ, തിരുവേണി സ്റ്റോറുകളുടെ നടത്തിപ്പിലെ ക്രമക്കേട്

96 (441) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡിന്റെ നീതി, നന്മ, തിരുവേണിസ്റ്റോറുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വ്യാപകമായ ക്രമക്കേട് നടക്കുന്നുവെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) അതുപ്രകാരം എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത് ;

(ഡി) ആരെയൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളത് ;

(ഇ) ഇവർക്കെതിരെ എന്തുശിക്ഷാനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly